**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 5520 01.07.2014-ൽ മറുപടിയ്ക്ക്

## താമരക്കുളം വാർഡിലെ സഞ്ചാരയോഗ്യമല്ലാത്ത റോഡുകൾ

**ചോദ്യം**

**ശ്രീ.ആർ.രാജേഷ്**

**മറുപടി**

**കുമാരി.പി.കെ.ജയലക്ഷ്മി**

**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | മാവേലിക്കര നിയോജകമണ്ഡലത്തിൽ താമരക്കുളം ഗ്രാമപഞ്ചായത്ത് പത്താം വാർഡിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ താമസിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) | ഉണ്ട്. മാവേലിക്കര നിയോജക മണ്ഡലത്തിൽ താമരക്കുളം ഗ്രാമപഞ്ചായത്ത് പത്താം വാർഡിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരു കുടുംബം മാത്രമാണ് താമസിക്കുന്നത്. |
| ബി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ താമസിക്കുന്ന പ്രസ്തുത പ്രദേശത്ത് റോഡുകൾ സഞ്ചാരയോഗ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) & സി) | ജനസംഖ്യയുടെ 51% ത്തിൽ കൂടുതൽ പട്ടികവർഗ്ഗക്കാർ ഇല്ലാത്തതിനാൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് റോഡ് പുനരുദ്ധരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| സി) | ഇവിടെ മേലടത്ത് ജംഗ്ഷൻ മുതൽ മാത്തിൽകാവ് ജംഗ്ഷൻ വരെയുള്ള ഭാഗം റോഡ് പുനരുദ്ധാരണത്തിനാവശ്യമായ തുക പട്ടികവർഗ്ഗ ക്ഷേമവകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | | |
| ഡി) | ഈ പ്രദേശത്തിന്റെ വികസനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | ഡി) | ഈ പ്രദേശത്ത് താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബത്തിന്റെ ക്ഷേമത്തിന് ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ